"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

തദ്ദേശസ്വയംഭരണം - ജീവനക്കാര്യം- തിരുവനന്തപുരം ജില്ലയിലെ വക്കം ഗ്രാമ പഞ്ചായത്തിൽ ദിവസ വേതനാടിസ്ഥാനത്തിൽ സേവനമനുഷ്ഠിച്ചുവരുന്ന മാർക്കറ്റ് സ്വീപ്പർ ശ്രീമതി. ഷൈലജ ബഹു.കേരള ഹൈക്കോടതിയിൽ ഫയൽ ചെയ്ത WP(C) 22949/2013 നമ്പർ ഹർജിയിന്മേലുള്ള 09.04.2024 ലെ വിധിന്യായം - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ(ഇപിഎ) വകുപ്പ്

സ.ഉ.(സാധാ) നം.2412/2024/LSGD തീയതി,തിരുവനന്തപുരം, 09-12-2024

---

പരാമർശം:-

1. സ.ഉ(പി) നം.501/2005/ധന, തീയതി 25.11.2005
2. സഉ(സാധാ) നം 61/2010/ധന, തീയതി 09.02.2010
3. ശ്രീമതി. ഷൈലജ ബഹു.കേരള ഹൈക്കോടതിയിൽ ഫയൽ ചെയ്ത WP(C) 22949/2013 നമ്പർ ഹർജിയിന്മേലുള്ള 09.04.2024 ലെ ഉത്തരവ്.
4. പ്രിൻസിപ്പൽ ഡയറക്ടറുടെ 02.07.2024 ലെ LSGD/PD/14826/ 2024-LL2 ( DEF5) നമ്പർ കത്ത്.

**ഉത്തരവ്**

തിരുവനന്തപുരം ജില്ലയിലെ വക്കം ഗ്രാമ പഞ്ചായത്തിലെ പാർട്ട് ടൈം സ്വീപ്പർ തസ്തികയിൽ സേവനമനുഷ്ഠിച്ച വരുന്ന ശ്രീമതി. ഷൈലജ പ്രസ്തുത തസ്തികയിൽ സ്ഥിരപ്പെടുത്തുന്നതിന് ഉത്തരവാകണമെന്ന് ആവശ്യപ്പെട്ട് ബഹു. കേരള ഹൈക്കോടതിയിൽ സമർപ്പിച്ചിരുന്ന WP(C) 22949/13 നമ്പർ കേസിന്മേലുള്ള 09.04.2024 ലെ ഉത്തരവിൽ ,Exbt P1 പ്രകാരമുള്ള പഞ്ചായത്ത് കമ്മിറ്റി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ഹർജി കക്ഷിയെ നേരിൽ കേട്ട് നിയമാനുസൃതം ഹർജി കക്ഷിയുടെ അപേക്ഷ പരിഗണിക്കാൻ പരാമർശം (3) പ്രകാരം ഒന്നാം എതിർ കക്ഷിയായ തദ്ദേശ സ്വയംഭരണ വകുപ്പ് സെക്രട്ടറിക്ക് നിർദ്ദേശം നൽകിയിരുന്നു.

2. വക്കം ഗ്രാമ പഞ്ചായത്തിൽ ദിവസവേതനാടിസ്ഥാനത്തിൽ 22.08.1998 മുതൽ മാർക്കറ്റ് സ്വീപ്പറായി ജോലി ചെയ്തുവരുന്ന ശ്രീമതി ഷൈലജ മാർക്കറ്റ് സ്വീപ്പിംഗ് ജോലി കഴിഞ്ഞ് പഞ്ചായത്ത് ഓഫീസിലെ ഓഫീസ്ജോലിയിലും ഓഫീസേതര ജോലിയിലും സഹായിക്കാറുണ്ടെന്നും ടിയാളുടെ കുടുംബ പശ്ചാത്തലം വളരെ പരിതാപകരമായതിനാലും വിധവാ പെൻഷനോ മറ്റ് ആനുകൂല്യങ്ങളോ നൽകിയിട്ടില്ലാത്തതിനാലും ടിയാളുടെ നിയമനം സ്ഥിരപ്പെടുത്തണമെന്ന് Exbt P1 ആയുള്ള കമ്മിറ്റി തീരുമാന പ്രകാരം സർക്കാരിനോട് അഭ്യർത്ഥിച്ചിരുന്നു.

സേവനത്തിൽ പ്രവേശിച്ച തീയതി മുതൽ ക്രമീകരിച്ച് നൽകുന്നതിന് വ്യവസ്ഥയുള്ളൂ. ദിവസ വേതനാടിസ്ഥാനത്തിൽ സ്വീപ്പർ തസ്തികയിൽ സേവനത്തിലുള്ളവരെയും സ്ഥിരപ്പെടുത്തുന്നതിന് ഇളവ് അനുവദിച്ച് പുറപ്പെടുവിച്ചിട്ടുള്ള പരാമർശം (2) ഉത്തരവ് പ്രകാരവും മാർക്കറ്റ് സ്വീപ്പർമാരെ ഓഫീസ് പരിസരം ശുചിയാക്കുന്ന ജീവനക്കാർക്ക് സമമായി പരിഗണിച്ചിട്ടില്ലാത്തതിനാൽ ടിയാളുകളുടെ സേവനം ക്രമീകരിക്കുന്നതിന് വ്യവസ്ഥ നിശ്ചയിച്ചിട്ടില്ലാത്തതാകുന്നു.

7. ദിവസ വേതനാടിസ്ഥാനത്തിൽ സ്വീപ്പർ തസ്തികയിൽ സേവനത്തിലുള്ളവരുടെ നിയമനം ക്രമീകരിക്കുന്നതിന് വ്യവസ്ഥ ചെയ്തിരിക്കുന്ന നിലവിലുള്ള ഉത്തരവുകളുടെ അടിസ്ഥാനത്തിൽ സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പാർട്ട് ടൈം സ്വീപ്പർ തസ്തികയിൽ ക്രമവത്ക്കരണം അനുവദിക്കുന്നതിന് വ്യവസ്ഥകൾ നിശ്ചയിച്ചിരിക്കുന്ന പരാമർശം (1) ഉത്തരവ് പ്രകാരം, പ്രസ്തുത ഉത്തരവ് തീയതിയിൽ തുടർച്ചയായി ഒരു *ഓഫീസിൽ* സേവനത്തിൽ ഉള്ള താൽക്കാലിക/കാഷ്വൽ സ്വീപ്പർമാർ മാത്രമാണ് പാർട്ട് ടൈം സ്വീപ്പർ തസ്തികയിൽ ക്രമവൽക്കരണത്തിന് അർഹരായിട്ടുള്ളത്. ഈ ഉത്തരവിലെ മാനദണ്ഡങ്ങൾ അനുസരിച്ച് താൽക്കാലിക അടിസ്ഥാനത്തിൽ *മാർക്കറ്റ് സ്വീപ്പർ* ആയി ജോലി നോക്കി വരുന്നവർക്ക് പാർട്ട് ടൈം സ്വീപ്പർ തസ്തികയിൽ ക്രമവത്കരണം അനുവദിക്കാൻ കഴിയില്ല. പരാമർശം (2) ഉത്തരവിലും ഇക്കാര്യം വ്യക്തമാക്കിയിട്ടുള്ളതാണ്. ഈ സാഹചര്യത്തിൽ, തിരുവനന്തപുരം ജില്ലയിലെ വക്കം ഗ്രാമപഞ്ചായത്തിൽ നിലവിലുണ്ടായിരുന്ന പാർട്ട് ടൈം തസ്തികയിൽ, 22.08.1998 മുതൽ ദിവസ വേതനാടിസ്ഥാനത്തിൽ *മാർക്കറ്റ് സ്വീപ്പറായി* സേവനമനുഷ്ഠിച്ച് വരുന്ന ശ്രീമതി ഷൈലജയുടെ മാർക്കറ്റ് സ്വീപ്പർ തസ്തികയിലെ സേവനം ക്രമപ്പെടുത്തണമെന്ന ആവശ്യം നിലവിലെ വ്യവസ്ഥകൾ പ്രകാരം അംഗീകരിക്കാൻ നിർവ്വാഹമില്ലാത്തതിനാൽ ആയത് നിരസിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം (3) ലെ ബഹു.ഹൈക്കോടതി ഉത്തരവ് ഇപ്രകാരം പാലിച്ചിരിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ലീന എൻ പി
അഡിഷണൽ സെക്രട്ടറി

ശ്രീമതി ഷൈലജ, ലയത്തിൽ വീട്, വക്കം പി ഒ, തിരുവനന്തപുരം 695308
അഡ്വക്കേറ്റ് ജനറൽ, കേരള, എറണാകുളം (ആമുഖ കത്ത് സഹിതം)
പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയം ഭരണ വകുപ്പ്, തിരുവനന്തപുരം
ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയം ഭരണ വകുപ്പ്, തിരുവനന്തപുരം
(പ്രിൻസിപ്പൽ ഡയറക്ടർ മുഖാന്തിരം)
സെക്രട്ടറി, വക്കം ഗ്രാമപഞ്ചായത്ത്, തിരുവനന്തപുരം
(പ്രിൻസിപ്പൽ ഡയറക്ടർ മുഖാന്തിരം)
ധന വകുപ്പ് ( 09.10.2024ലെ ധൈവ-1/153/24/ധന നമ്പർ കത്ത് )
ഇൻഫർമേഷൻ ആന്റ് പബ്ലിക്ക് റിലേഷൻസ് (വെബ് ആൻഡ് ന്യൂ മീഡിയ) വകുപ്പ്.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം, തിരുവനന്തപുരം.
കരുതൽ ഫയൽ / ആഫീസ് പകർപ്പ്. (ഫയൽ നം. 350/ഇപിഎ2/2015/തസ്വഭവ)

ഉത്തരവിൻ പ്രകാരം
Signed by
Danuja M S
Date: 11-12-2024 15:24:44